ഹര ഹരോ ഹര ഹരഃ

# തഴക്കര
# ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം

www.thazhakara,org | Phone: +91 479 2305321

**വ്രതാരംഭം: ഒക്ടോബർ 25 (ചൊവ്വ)**



**ഷഷ്ഠി പൂജ**
**അഷ്ടാഭിഷേകം**
**പഞ്ചാമൃത അഭിഷേകം**
**കലശപൂജ**

# സ്കന്ദ ഷഷ്ഠി

**2024 നവംബർ 07 വ്യാഴം**



**ശ്രീ സുബ്രഹ്മണ്യ ഹൈന്ദവ സേവാ സമിതി, A198/79**



ഭക്തജനങ്ങളേ,

ഒറ്റനാരങ്ങാ ചാർത്തിലൂടെ പ്രസിദ്ധമായ തഴക്കര ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ **സ്കന്ദഷഷ്ഠി 2024 നവംബർ 07 (1200 തുലാം 22) വ്യാഴാഴ്ച** സമുചിതമായി ആചരിക്കുകയാണ്. പാരമ്പര്യവും പ്രൗഢിയും പരിപാവനത്വവും നിറഞ്ഞു നില്ക്കുന്ന നമ്മുടെ ക്ഷേത്രത്തിലെ പ്രധാന വിശേഷങ്ങളിലൊന്നാണിത്. ക്ഷേത്രമേൽശാന്തി **കണ്ടിയൂർ നീലമന ഇല്ലം ബ്രഹ്മശ്രീ വി. വിഷ്ണു നമ്പൂതിരി** മുഖ്യകാർമ്മികത്വം വഹിക്കുന്നു.

ശ്രീപരമേശ്വരന്റെ ഉപദേശപ്രകാരം ശ്രീപാർവ്വതീദേവിയാണ് ആദ്യമായി ഷഷ്ഠിവ്രതം അനുഷ്ഠിച്ചത്. തുലാം മാസത്തിലെ ശുക്ലപക്ഷ (വെളുത്തപക്ഷം) പ്രതിപദം മുതൽ സ്കന്ദഷഷ്ഠി വ്രതം ആരംഭിക്കുന്നു. പ്രഭാതത്തിൽ കുളിച്ച് ശുദ്ധവൃത്തിയോട് ക്ഷേത്ര ദർശനം, നാമജപം, പൂജ, ഒരിക്കലൂണ്, അഭിഷേകം എന്നിവയാണ് ഷഷ്ഠിവ്രത ചിട്ടകൾ. മത്സ്യമാംസാദികൾ ഉപേക്ഷിക്കണം. കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം എന്നിവ മനസ്സിൽ നിന്ന് മാറ്റണം. പകലുറക്കം ഉപേക്ഷിക്കണം. ഈ ദിവസം പരിപൂർണ്ണമായ ഉപവാസം അത്യുത്തമം. ക്ഷേത്രപൂജകൾക്കുശേഷം പഞ്ചഗവ്യസേവയെ തുടർന്ന് വെള്ളനിവേദ്യം കഴിക്കാം. വിധിപ്രകാരമുള്ള വ്രതാനുഷ്ഠാനം അതീവ ഫലപ്രദമാണ്. അന്നേ ദിവസം ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങളോട് ക്ഷേത്രത്തിൽ എത്തിച്ചേരുന്നവർ സർവ്വാത്മനാ സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ദേവസന്നിധിയിൽ നടക്കുന്ന എല്ലാ ചടങ്ങുകളുടെയും സമ്പൂർണ്ണ വിജയത്തിന് എല്ലാവരുടേയും സഹായ സാന്നിദ്ധ്യ സഹകരണം ഉണ്ടാവണമെന്ന് ഭഗവത് നാമത്തിൽ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഹൈന്ദവ സേവാസമിതിക്കുവേണ്ടി


| **പി.ആർ. രാജേന്ദ്രൻ** | **ഡി. ജയപ്രകാശ്** | **ആർ. മനോജ്** |
|---|---|---|
| ട്രഷറാർ | പ്രസിഡന്റ് | സെക്രട്ടറി |
| 8547042407 | 9747947621 | 9387957537 |


തഴക്കര
10.10.2024

**രാവിലെ 9.30 മുതൽ വെള്ളനിവേദ്യം കൊടുത്തു തുടങ്ങുന്നതായിരിക്കും.**

# സ്കന്ദഷഷ്ഠി

## 2024 നവംബർ 07 (1200 തുലാം 22) വ്യാഴം

| | | |
|---|---|---|
| രാവിലെ 5.00 ന് | : | തിരുനട തുറക്കൽ |
| 5.15 ന് | : | നിർമ്മാല്യദർശനം |
| 6.00 ന് | : | അഭിഷേകം |
| 7.00 ന് | : | ഉഷഃപൂജ |
| 9.00 ന് | : | പഞ്ചാമൃത അഭിഷേകത്തോടുകൂടി<br>**പന്തീരടി പൂജ** |
| 10.30 ന് | : | **കലശപൂജ** |
| 12.30 ന് | : | അഷ്ടാഭിഷേകത്തോടുകൂടി<br>ഉച്ചപൂജ<br>ഷഷ്ഠിപൂജ<br>ദർശനം |
| വൈകിട്ട് 6.15 ന് | : | **സമ്പൂർണ്ണ ദീപക്കാഴ്ച** |
| 6.30 ന് | : | ദീപാരാധന |
| 7.30 ന് | : | അത്താഴപൂജ |

### സ്കന്ദഷഷ്ഠി ദിവസത്തെ വഴിപാടു വിവരം

| | | | |
|---|---|---|---|
| പഞ്ചാമൃത അഭിഷേകം | 600 | തേൻ അഭിഷേകം | 300 |
| അഷ്ടാഭിഷേകം | 800 | തൈര് അഭിഷേകം | 100 |
| നെയ്യ് അഭിഷേകം | 600 | എണ്ണ അഭിഷേകം | 100 |
| ഷഷ്ഠിപൂജ | 500 | കലശ പൂജ | 100 |

സ്കന്ദഷഷ്ഠി ദിവസത്തെ വഴിപാടുകൾക്ക്
05/11/2024 നു മുമ്പായി ദേവസ്വം ആഫീസിൽ പണമടച്ച് രസീതു വാങ്ങണം.

# ഹര
# ഹരോ
# ഹര
# ഹരഃ





## ഉദ്ദിഷ്ടകാര്യസാദ്ധ്യം
## രോഗശാന്തി
## കുടുംബസൗഖ്യം
## വിദ്യാവിജയം
## മംഗല്ല്യഭാഗ്യം
## തുടങ്ങിയ ഫലങ്ങൾക്ക്

**തഴക്കര തേവരുടെ തൃക്കൈയ്യിൽ**

# ഒറ്റനാരങ്ങാ ചാർത്ത്

**എല്ലാ ചൊവ്വാഴ്ചയും**

**രാവിലെ 05:00 – 10:45 വരെ വൈകിട്ട് 05:15 – 07:15 വരെ**

St. Paul's Mission Press, Mvk@9497503594